കരണം ആവശ്യമായിവന്നതു് ചൈനയുടെ സാമ്പത്തികമുന്നേററത്തെ അപകടപ്പെടുത്തിയിട്ടുണ്ടു്. ചുരുക്കത്തിൽ, മുതലാളിത്തരാജ്യങ്ങളെയെന്നപോലെ കമ്യൂണിസ്റ്റ് രാജ്യങ്ങളെയും ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധി മാരകമാംവിധം ബാധിച്ചിരിക്കുന്നു.

വ്യാപകമായ ഈ സാമ്പത്തികമാന്ദ്യം പരിഹരിക്കാനുള്ള എളുപ്പവഴി മറെറാരു ലോകമഹായുദ്ധമാണെന്നു ലോകമുതലാളിത്തം കരുതിക്കൂടായ്കയില്ല. പക്ഷേ, പണ്ടത്തെപ്പോലെ, യുദ്ധത്തിൽനിന്നു പൂർവ്വാധികം കരുത്താർജിച്ചു മുന്നോട്ടു പോകാമെന്നു മുതലാളിത്തം ഇപ്പോൾ പ്രതീക്ഷിക്കുന്നില്ല. ഇനി ഒരു യുദ്ധം തുടങ്ങിയാൽ, അണു-ആയുധങ്ങൾ സൃഷ്ടിക്കുന്ന അഗ്നിപ്രളയത്തിൽ കമ്യൂണിസത്തോടൊപ്പം മുതലാളിത്തവും ചാമ്പലാകുമെന്നു് ആർക്കാണു് അറിയാത്തതു്?

അപ്പോൾപ്പിന്നെ എന്തുചെയ്യണം? ഈ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളിൽനിന്നു കമ്യൂണിസത്തിന്റെയോ, ഫാസിസത്തിന്റെയോ പല സവിശേഷതകളും ഉൾക്കൊണ്ടു്, 'നിയന്ത്രിത മുതലാളിത്ത'ത്തിന്റെ പുതിയ ഒരു രൂപം ഉടലെടുക്കുമോ? പല മുതലാളിത്ത-സാമ്പത്തിക-രാഷ്ട്രീയചിന്തകരുടെയും വിചാരഗതി ഇപ്പോൾ ആ വഴിക്കാണു്. ജനുവരി 24-ാം തീയതിയിലെ 'ന്യൂസ് വീക്ക്' വാരികയിൽ അമേരിക്കൻ രാഷ്ട്രതന്ത്രജ്ഞനായ ഹെൻറി കീസിൻജർ എഴുതിയ 'ലോക സമ്പദ്ഘടനയെ രക്ഷിക്കാൻ' എന്ന ലേഖനം ഇതിനുദാഹരണമായി എടുത്തു കാട്ടാവുന്നതത്രേ.

(25 ജനുവരി, 1983)

## 29. ദരിദ്ര-ധനികസംവാദം

ഐക്യരാഷ്ട്രസമിതിക്കു പല പോഷകസംഘടനകൾ ഉണ്ടു്. ഇവയിൽ പ്രധാനപ്പെട്ട ഒന്നാണു് അൺക്ടാഡ് (ഐക്യരാഷ്ട്ര-വാണിജ്യ-വികസന-കോൺഫറൻസ്). 1964-ൽ രൂപവല്ക്കരിച്ച ഈ സംഘടന മൂന്നു വർഷങ്ങളിലൊരിക്കൽ സമ്മേളിക്കുന്നു. ലോകരാഷ്ട്രങ്ങൾക്കിടയിൽ കച്ചവടം പ്രോത്സാഹിപ്പിക്കുന്നതുവഴി ദരിദ്രരാഷ്ട്രങ്ങളുടെ സാമ്പത്തികപുരോഗതി ത്വരിപ്പിക്കുകയാണു് അൺക്ടാഡിന്റെ ലക്ഷ്യം.

ഇതെഴുതുമ്പോൾ, യുഗോസ്ലാവ്യയിലെ ബെൽഗ്രേഡ് നഗരത്തിൽ 'അൺക്ടാഡ്' സമ്മേളിച്ചുകൊണ്ടിരിക്കുകയാണു്. റൗൾ പ്രെബിഷ് എന്ന അർജന്റീനിയക്കാരൻ ധനശാസ്ത്രജ്ഞനായിരുന്നു 'അൺക്ടാഡി'ന്റെ ആദ്യകാല സെക്രട്ടറി. പരേതനായ പ്രെബിഷിന്റെ സ്മരണയ്ക്കു വേണ്ടി ഏർപ്പെടുത്തിയ പ്രസംഗം ജൂൺ 8-ാം തീയതി അൺക്ടാഡ് അംഗങ്ങളുടെ മുമ്പിൽ ശ്രീമതി ഇന്ദിരാഗാന്ധി നിർവഹിച്ചു. ചേരിചേരാ രാഷ്ട്രങ്ങളുടെ സംഘടനയുടെ അദ്ധ്യക്ഷയെന്ന നിലയിൽ ദരിദ്രരാഷ്ട്രങ്ങളുടെ പ്രാതിനിദ്ധ്യം തികച്ചും വഹിക്കുന്ന ഇന്ദിരാഗാന്ധിയുടെ ഈ പ്രസംഗം ലോകജനതയുടെ മുഴുവൻ ശ്രദ്ധയാകർഷിച്ചു.

നാലു വസ്തുതകളാണു് ഈ പ്രസംഗത്തിൽ ശ്രീമതി ഇന്ദിരാഗാന്ധി അടിവരയിട്ടു കാണിച്ചതു്. 'വടക്കർ' എന്നറിയപ്പെടുന്ന ധനികരാഷ്ട്രങ്ങളുടെയും 'തെക്കർ' എന്നറിയപ്പെടുന്ന ദരിദ്രരാഷ്ട്രങ്ങളുടെയും താല്പര്യങ്ങൾ പരസ്പരാശ്രിതങ്ങളാണെന്നതാണു് ഇതിലൊരു വസ്തുത. എന്നാൽ, നിർഭാഗ്യമെന്നു പറയട്ടെ, ഈ വസ്തുത ധനികരാഷ്ട്രങ്ങൾ അംഗീകരിച്ചി

ട്ടില്ല. ദരിദ്രരാഷ്ട്രങ്ങളെ കൂടുതൽ ദാരിദ്ര്യത്തിലാഴ്ത്തുന്നതിനു മാത്രമേ ധനിക രാഷ്ട്രങ്ങളുടെ ഇന്നത്തെ പ്രവർത്തനങ്ങൾ ഉപകരിക്കുന്നുള്ളു.

അടുത്തകാലംവരെ ധനികരാഷ്ട്രങ്ങൾ വമ്പിച്ച സാമ്പത്തികപ്രതിസന്ധിയിൽ ആഴ്ന്നിരിക്കുകയായിരുന്നു. (ഈയിടെ ഈ പ്രതിസന്ധിയിൽനിന്ന് അവർ മോചനം നേടിവരികയാണ്). വ്യാവസായിക മാന്ദ്യവും പണപ്പെരുപ്പവും (സ്റ്റാഗ്ഫ്ളേഷൻ) ആണ് ഈ പ്രതിസന്ധിയുടെ ബാഹ്യരൂപം. പണപ്പെരുപ്പം വ്യാവസായികാഭിവൃദ്ധിയെ ത്വരിപ്പിക്കുമെന്നാണ് ബൂർഷ്വാ ധനശാസ്ത്രം പഠിപ്പിച്ചുപോന്നത്. എന്നാൽ ഈ തവണ ഈ പാഠം തെറ്റിപ്പോയി. പണപ്പെരുപ്പം വ്യാപാരമാന്ദ്യത്തിനു കാരണമാവുകയാണുചെയ്തത്. വ്യാപാരമാന്ദ്യം ധനികരാഷ്ട്രങ്ങളിൽ തൊഴിലില്ലായ്മ വളർത്തി.

ആയുധനിർമാണത്തിനും സൈനികസജ്ജീകരണത്തിനുംവേണ്ടിയാണ് തങ്ങളുടെ വിഭവങ്ങളിൽ വളരെ വലിയ ഒരു ശതമാനം ഇപ്പോൾ ധനികരാഷ്ട്രങ്ങൾ ചെലവിടുന്നത്. ധനികരാഷ്ട്രങ്ങളിലെ ഈയിടത്തെ സാമ്പത്തിക പ്രതിസന്ധിയുടെ യഥാർത്ഥ കാരണം, കണക്കിൽക്കവിഞ്ഞ ഈ ആയുധവല്ക്കരണച്ചെലവാണ്. പക്ഷേ, ഋജുവായ ഈ പരമാർത്ഥം ധനികരാഷ്ട്രങ്ങൾക്ക് ഇനിയും ബോദ്ധ്യപ്പെട്ടിട്ടില്ല. നികുതി കുറച്ച് സ്വകാര്യ വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ചും, പലിശ കൂട്ടി പണപ്രവാഹം നിയന്ത്രിച്ചും ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയിൽനിന്ന് പുറത്തു കടക്കാമെന്നാണ് ഈ രാഷ്ട്രങ്ങളിലെ യാഥാസ്ഥിതികരായ ഭരണാധികാരികൾ കരുതുന്നത്. അമേരിക്ക, ബ്രിട്ടൻ, പടിഞ്ഞാറെ ജർമനി, ജപ്പാൻ എന്നീ പ്രമുഖ ധനികരാഷ്ട്രങ്ങളുടെ ചുക്കാൻ ഇപ്പോൾ യാഥാസ്ഥിതികരുടെ കൈയിലാകുന്നു. അവർ തെളിച്ച വഴിക്കു മററു ധനികരാഷ്ട്രങ്ങൾ സഞ്ചരിക്കുന്നു. അമേരിക്കയിലെ 'വില്യംസ്ബർഗ്' നഗരത്തിൽ ഏഴ് ധനികരാഷ്ട്രങ്ങളുടെ ഭരണത്തലവന്മാർ ഈയിടെ സമ്മേളിച്ചു തങ്ങളുടെ പ്രശ്നങ്ങളെപ്പററി കൂടിയാലോചിച്ചു. സോവ്യയററ് യൂണിയനെതിരെ യൂറോപ്പിൽ പരക്കെ അണു—ആയുധങ്ങൾ ഘടിപ്പിച്ച കൂടുതൽ മിസൈലുകൾ സ്ഥാപിക്കുവാനും ഇറക്കുമതി നിയന്ത്രിച്ചു വ്യാപാരശിഷ്ടം സമീകരിക്കാനുമുള്ള തീരുമാനങ്ങളാണ് ഈ കൂടിയാലോചനയിൽനിന്നു മുഖ്യമായും ഉരുത്തിരിഞ്ഞുവന്നത്. ഇതിനർത്ഥം, പട്ടിണിയും പരിവട്ടവുമായി കഴിയുന്ന ലോകജനതയുടെ ബഹുഭൂരിപക്ഷത്തിൻെറ കാര്യം അവർ ചിന്തിക്കുന്നില്ലെന്നുതന്നെയാണ്. ദരിദ്രരാഷ്ട്രങ്ങളുടെ പ്രശ്നങ്ങളിലേക്കു ധനികരാഷ്ട്രങ്ങളുടെ ശ്രദ്ധ ആകർഷിക്കുകയെന്നത്, ഫ്രെബിഷ് പ്രസംഗത്തിൽ ശ്രീമതി ഇന്ദിരാഗാന്ധി പറഞ്ഞതുപോലെ, അടഞ്ഞ ഒരു വാതിലിൽ തുടർച്ചയായി മുട്ടിക്കൊണ്ടിരിക്കുകയാണ്. ആ വാതിൽ എന്നെങ്കിലും തുറന്നാൽ ആയി!

ഇന്ദിരാഗാന്ധിയുടെ പ്രസംഗത്തിൽ ഉന്നയിച്ച രണ്ടാമത്തെ വസ്തുത, ഇന്നത്തെ ലോകസാമ്പത്തിക വ്യവസ്ഥിതിയിലടങ്ങിയ അനീതിയാണ്. ഐക്യരാഷ്ട്രസമിതിയുടെ പല പോഷകസംഘടനകളുള്ളതിൽ, അന്താരാഷ്ട്ര പുനർനിർമാണ വികസന ബാങ്ക് (ലോകബാങ്ക്), അന്താരാഷ്ട്ര ധനകാര്യ കോർപറേഷൻ (ഐ. എഫ്. സി.), അന്താരാഷ്ട്ര നാണയനിധി (ഐ. എം. എഫ്), അന്താരാഷ്ട്ര വികസന സംഘടന (ഐ. ഡി. എ.), താരിപ്പും വ്യാപാരവും സംബന്ധിച്ച പൊതുക്കരാർ (ഗാട്ട്), ഐക്യരാഷ്ട്ര—വാണിജ്യ—വികസന—കോർപറേഷൻ (അങ്ക്ടാഡ്) മുതലായവ നീതിയുക്തമായ ഒരു ലോകസമ്പദ്‌വ്യവസ്ഥ നിലവിൽ വരുത്തുന്നതിനായി ഉദ്ദേശിക്കപ്പെട്ടവയാണ്. എന്നാൽ, നവസ്വതന്ത്രങ്ങളായ ദരിദ്രരാഷ്ട്രങ്ങൾ ഐക്യരാഷ്ട്രസമിതിയിൽ ചേരു

കയും, ഈ ദരിദ്രരാഷ്ട്രങ്ങാംക്ക് ഐക്യരാഷ്ട്രസമിതിയുടെ അസംബ്ലിയിൽ ഭൂരിപക്ഷം ലഭിക്കകയും ചെയ്യതോടെ, ധനിക രാഷ്ട്രങ്ങാംക്ക് ഐക്യരാഷ്ട്രസമിതിയിൽത്തന്നെ താല്പര്യം കുറഞ്ഞു വന്നിരിക്കുന്നു. ഐക്യരാഷ്ട്രസമിതിയുടെ പോഷകസംഘടനകളുടെ പ്രവർത്തനത്തിനുവേണ്ട മൂലധനം ധനികരാഷ്ട്രങ്ങളിൽനിന്നു കിട്ടാതി രിക്കുന്നു. ഈ പോഷകസംഘടനകളെ നിയന്ത്രിക്കുകവഴി ദരിദ്രരാഷ്ട്ര ങ്ങളുടെ ആഭ്യന്തരകാര്യങ്ങളിൽ കൈയിടാനുള്ള അധികാരവും ധനിക രാഷ്ട്രങ്ങരം കാണിച്ചുതുടങ്ങിയിട്ടുണ്ട്. ലോകബാങ്കിൽനിന്ന് കടമെ ടുക്കുന്ന രാജ്യങ്ങളുടെ മേൽ നിക്ഷേപം, നികുതിപിരിവ് മുതലായവ സംബന്ധിച്ച ആഭ്യന്തര നയങ്ങളെ ബാധിക്കുന്ന വ്യവസ്ഥകരം (കൺ ഡീഷനാലിററി) ആ സ്ഥാപനം നിർബന്ധിച്ചു ചുമത്തുന്നതു നമുക്കറി വുള്ള കാര്യമാണല്ലോ. ലോകബാങ്കിനെ നിയന്ത്രിക്കുന്നതു്, മുഖ്യമാ യും അമേരിക്കയാണുതാനും.

ധനികരാഷ്ട്രങ്ങരം വില്ക്കുന്ന സാധനങ്ങാംക്ക വില വളരെ കൂടുത ലും, അവർ വാങ്ങുന്ന സാധനങ്ങാംക്ക വില അത്യന്തം കുറവുമാണെന്ന ള്ളത്രേ ലോക സമ്പദ്‌വ്യവസ്ഥിതിയിലെ പ്രകടമായ മറെറാരു അനീ തി. ധനികരാഷ്ട്രങ്ങളെല്ലാം വ്യാവസായിക രാഷ്ട്രങ്ങളാണ്. അവർ വിൽക്കുന്നതു മുഖ്യമായും, യന്ത്രങ്ങരം, ശാശ്വത—ഉപഭോഗവസ്തുക്കരം തുടങ്ങിയവയാണ്. ഇവയുടെ അന്താരാഷ്ട്രീയവില നിശ്ചയിക്കുന്ന തു് നിർമാതാക്കളാണ്. ദരിദ്രരാഷ്ട്രങ്ങരം എല്ലാം കൃഷിപ്രധാനങ്ങ ളത്രേ. അവയ്ക്ക വിൽക്കാനുള്ളതു് പഞ്ചസാര, കാപ്പി, കൊക്കോ, പരുത്തി, ചായ, വാഴപ്പഴം, അരി, ചണം, സീസൽനാര്, റബ്ബർ, കയർ, കശുവണ്ടി മുതലായ കാർഷികോല്പന്നങ്ങളാകുന്നു. ഇവയുടെ അന്താരാഷ്ട്രീയ വില നിശ്ചയിക്കുന്നതു് ദരിദ്രരായ നിർമാതാക്കളല്ല; ധനികരായ ഉപഭോക്താക്കളാണ്. ഇതിന്റെ ഫലമോ? തങ്ങരം വില്ക്കു ന്ന സാധനങ്ങളുടെ വില കുറയ്ക്കാനും വാങ്ങുന്നവയുടെ വില കൂട്ടാനും ദരിദ്രരാഷ്ട്രങ്ങരം നിർബന്ധിതരായിത്തീരുന്നു. ഇതു നിമിത്തം ദരിദ്ര രാഷ്ട്രങ്ങളുടെ വ്യാപാരശിഷ്ടം അവക്കു പ്രതികൂലമായിത്തീരുന്നു. അവയുടെ കടബാധ്യത ഏറിയേറിവരുന്നു; വികസനപ്രക്രിയ നിലച്ചു പോകുന്നു. ദാരിദ്ര്യത്തിൽ അവ കൂടുതൽ ആഴ്ന്നുപോകുന്നു. ദരിദ്ര രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യംതന്നെ അപകടത്തിലാകുന്നു.

ലാററിൻഅമേരിക്കയ്ക്കുവേണ്ടിയുള്ള സാമ്പത്തികക്കമ്മീഷൻ1981-ൽ ഒരു പഠനത്തിൽ, പഞ്ചസാര, കാപ്പി, വാഴപ്പഴം, ചോളം, പരുത്തി, സോയാബീൻ, അലുമിനിയം, ബോക്സൈററ്, ചെമ്പ്, ഇരുമ്പ് എന്നീ കയററുമതി സാധനങ്ങളുടെ 1979—ലെ വില1955—ലെ അവയുടെ വിലയെക്കാരം യഥാർത്ഥത്തിൽ താഴുകയേ ചെയ്തിട്ടുള്ളു എന്നു കാണുകയു ണ്ടായി.

'യഥാർത്ഥത്തിൽ' എന്ന വാക്കിലാണ് ഊന്നൽ എന്നു ശ്രദ്ധിക്കുക. സാധനങ്ങളുടെ നാണയവില ഉയർന്നിട്ടുണ്ടാവാം. പക്ഷേ, നാണയ ത്തിന്റെ വില പാതാളത്തോളം താഴ്ന്നുപോയിരിക്കുന്നു. ഉദാഹരണ ത്തിനു്, 1960—ൽ ഒരു ടൺ പഞ്ചസാര കൊടുത്താൽ 6.3 ടൺ എണ്ണ വാങ്ങാമായിരുന്നു. 1982—ൽ ഒരു ടൺ പഞ്ചസാര കൊടുത്താൽ കിട്ടി യിരുന്നതു് 0.7 ടൺ എണ്ണ മാത്രമാണ്. അതായതു് എണ്ണവിലയെ അപേക്ഷിച്ച് പഞ്ചസാരവില ഒമ്പതിലൊന്നായി കുറഞ്ഞുപോയി! ഇതു പഞ്ചസാരയുടെ മാത്രം കാര്യമല്ല. എണ്ണ കഴിഞ്ഞാൽ, അന്താ രാഷ്ട്രീയ വാണിജ്യത്തിൽ പ്രധാനപ്പെട്ട ചരക്ക് കാപ്പിയാകുന്നു. 1981 മദ്ധ്യത്തിൽ കാപ്പിയുടെ വില 1960—ലെ യഥാർത്ഥവിലയേക്കാരം താഴെയായിരിക്കുന്നു.

ഭക്ഷ്യകാർഷികസംഘടനയുടെ ഒരു മതിപ്പുപ്രകാരം, 1970—ൽ നിന്നു് 1979—ൽ എത്തിയപ്പോൾ ആഫ്രിക്കൻ രാജ്യങ്ങൾ അടിസ്ഥാന ച്ചരക്കുകൾ കയററിയയച്ചു നേടിയിരുന്ന യഥാർത്ഥ വരുമാനത്തിൽ ഏഴു ശതമാനം കുറവുവന്നു. ഏഷ്യൻ രാജ്യങ്ങൾ നേടിയിരുന്ന വരുമാനത്തിൽ ഇരുപത്തിമൂന്നു ശതമാനവും! ഈ കുറവു് പിന്നെപ്പിന്നെ അധികമായി വരികയാണു്.

നിരന്തരമായ ഈ രക്തവാർച്ചയാണു് ദരിദ്രരാഷ്ട്രങ്ങളുടെ മുമ്പിൽ ഇന്നുള്ള മുഖ്യപ്രശ്നം. ലോകസമ്പദ്‌വ്യവസ്ഥയിലെ അനീതി അതിന്റെ നഗ്നരൂപത്തിൽ പ്രകടമാകുന്നതു് ഇവിടെയാണു്.

ഈ അനീതി പരിഹരിക്കുമാറു് ലോകസമ്പദ്ഘടനയെ പുനസ്സംവിധാനംചെയ്യണമെന്നതാണു് പ്രെബിഷ് സ്മാരക പ്രസംഗത്തിൽ ശ്രീമതി ഇന്ദിരാഗാന്ധി ചൂണ്ടിക്കാണിച്ച മൂന്നാമത്തെ വസ്തുത. പുനസ്സംവിധാനം എങ്ങനെ വേണമെന്നതു സംബന്ധിച്ച വിശദാംശങ്ങൾ ആ പ്രസംഗത്തിൽ ഉന്നയിച്ചിരുന്നില്ല. വിദഗ്ധന്മാർ ഗാഢമായി ആലോചിച്ചു് ഉത്തരം കാണേണ്ട പ്രശ്നമാണതു്. എങ്കിലും ധനികരാഷ്ട്രങ്ങൾ ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിച്ചു സ്വന്തം വ്യവസായങ്ങൾക്കു സംരക്ഷണം നൽകുന്നതു് നിർത്തലാക്കുക, അന്താരാഷ്ട്രീയ വാണിജ്യത്തിനുള്ള തടസ്സങ്ങൾ നീക്കുക, ദരിദ്രരാജ്യങ്ങൾക്കു വികസനത്തിനു സഹായം വർദ്ധിപ്പിക്കുക, ദരിദ്രരാജ്യങ്ങൾക്കു നഷ്ടം വരുത്തുന്ന നാണയ—വിനിമയ നിരക്കുകൾ ന്യായയുക്തമാംവിധം പുനർനിർണയിക്കുക, ദരിദ്രരാജ്യങ്ങളുടെ കടബാദ്ധ്യതകൾ ഇളവുചെയ്യുക എന്നീ നടപടികൾ ഈ പുനസ്സംവിധാനത്തിൽ ഉൾപ്പെടുമെന്നു തീർച്ചയാണു്.

ദരിദ്രരാഷ്ട്രങ്ങളുടെ പ്രശ്നങ്ങളെപ്പററി ധനികരാഷ്ട്രങ്ങൾക്കിടയിൽ ശരിയായ ധാരണയുണ്ടാവണമെന്നതാണു് ഇന്ദിരാഗാന്ധി ഈ പ്രസംഗത്തിൽ ഉന്നയിച്ച നാലാമത്തെ വസ്തുത. ദുർവ്വഹമായ കടബാദ്ധ്യതയാണു് ദരിദ്രരാജ്യങ്ങളുടെ മുമ്പിൽ ഇന്നുള്ള ഏററവും വലിയ ഭീഷണി.

തെക്കെ അമേരിക്കയിലെ ബ്രസീലിന്റെ പൊതുക്കടം എണ്ണായിരത്തഞ്ഞൂറു കോടി ഡോളറാണു് (എൺപത്തയ്യായിരം കോടി രൂപ). കടം വീട്ടാൻ പോയിട്ടു് പലിശ കൊടുക്കാൻകൂടി ആ മഹാരാജ്യത്തിനു കഴിവില്ല. ബ്രസീൽ പലിശ അടയ്ക്കാൻ വീഴ്ച വരുത്തിയാൽ, കടം നല്കിയ പല അമേരിക്കൻ ബാങ്കുകളും പൊളിയും. ലോകബാങ്കിങ്ങ് വ്യവസ്ഥയെത്തന്നെ ഇതു തകരാറിലാക്കും. അതിനാൽ, പലിശ അടയ്ക്കുന്നതിനു വേണ്ടി പിന്നെയും പിന്നെയും ബ്രസീലിനു വായ്പ കൊടുത്തുകൊണ്ടിരിക്കുകയാണു് അമേരിക്കൻ ബാങ്കുകൾ.

ഇതു ബ്രസീലിന്റെ മാത്രം സ്ഥിതിയല്ല. മെക്സിക്കോവിന്റെ പൊതുക്കടം എണ്ണായിരത്തി മൂന്നൂറുകോടി ഡോളറാണു്. എങ്കിലും കടപ്പലിശ അടയ്ക്കാൻ, എണ്ണ കയററി അയയ്ക്കുന്ന മെക്സിക്കോവിനു കഴിയുന്നുണ്ടത്രേ. മൂവായിരത്തിത്തൊള്ളായിരം ഡോളർ കടമുള്ള അർജൻറീന കൂടുതൽ കടമെടുക്കാനും തിരിച്ചടവു ഗഡുവ് നീട്ടിക്കിട്ടാനും ശ്രമിക്കുകയാണു്. മൂവായിരത്തിരുന്നൂറു കോടി ഡോളർ കടമുള്ള വെനെസ്വേല എണ്ണക്കയററുമതി രാജ്യമായിട്ടും, 1983—ൽ തൊള്ളായിരം കോടി ഡോളർ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തി. ആയിരത്തിരുന്നൂറു കോടി ഡോളർ കടമുള്ള പെറുവും തിരിച്ചടവു ഗഡുവ് നീട്ടിക്കിട്ടാൻ ഉത്സാഹിക്കുകയാണു്. ആയിരത്തെണ്ണൂറു കോടി ഡോളർ കടമുള്ള ചിലി ഗഡുവ് നീട്ടിക്കിട്ടാനും പുതിയ കടം വാങ്ങാനും പരിശ്രമിക്കുന്നു.

ആഫ്രിക്കൻ രാജ്യങ്ങളിൽ ഏററവും കൂടുതൽ കടബാദ്ധ്യതയുള്ളതു് നൈജീരിയയ്ക്കാണു്—ആയിരത്തഞ്ഞൂറു കോടി ഡോളർ.

യൂറോപ്പിൽ പോളണ്ടിന്റെ കടബാദ്ധ്യത രണ്ടായിരത്തഞ്ഞൂറുകോടി

ഡോളറാണ്. കടം തിരിച്ചടയ്ക്കുന്നതു് ഇരുപതു കൊല്ലം കഴിഞ്ഞാകാമെന്നതാണ് പോളണ്ടിന്റെ നില. കടം നൽകിയ അമേരിക്കൻ ബാങ്കുകൾ ഇതിനു സമ്മതിച്ചിട്ടില്ല. ഹംഗറിയ്ക്കും വലിയ കടബാധ്യതയുണ്ട്. യുഗോസ്ലാവ്യയുടെ ആണ്ടുതോറുമുള്ള റ്റുമതിവരുമാനത്തിൽ നാല്പതു ശതമാനം കടപ്പലിശ നൽകാൻ ചെലവാകുന്നു.

ഇന്ത്യയുടെ കടം താരതമ്യേന കറവാണ്. എന്നിട്ടും ഇപ്പോൾ നമ്മുടെ വിദേശനാണയവരുമാനത്തിൽ 11.4 ശതമാനം കടപ്പലിശയായി കൊടുക്കേണ്ടിവരുന്നുണ്ട്. 1982–84–ൽ കടം തിരിച്ചടയ്ക്കുന്നതിൽ നാം വീഴ്ച വരുത്തേണ്ടതില്ല. എന്നാൽ, പിന്നീടങ്ങോട്ടു കടം തിരിച്ചടക്കാനും പലിശ കൊടുക്കാനും നാം അത്യദ്ധ്വാനംതന്നെ ചെയ്യേണ്ടിവരും.

ആറ്റംബോംബുപോലെ 'കടബോംബു്' ദരിദ്രരാഷ്ട്രങ്ങളുടെ തലയ്ക്കുമുകളിൽ തൂങ്ങിനിന്നു് ആടിക്കളിക്കുകയാണ്!

നാണ്യപ്പെരുപ്പത്തെ തടയാനെന്നു പറഞ്ഞു് ബാങ്കുകളിലെ പലിശനിരക്കുകൾ അമേരിക്ക വർദ്ധിപ്പിച്ചപ്പോൾ, ലോകത്തിലെ പണക്കാർ മുഴുവൻ തങ്ങളുടെ സമ്പത്തു് അമേരിക്കൻ ബാങ്കുകളിൽ നിക്ഷേപിച്ചു. ദരിദ്രരാജ്യങ്ങളിൽ ആവശ്യത്തിനു പണം കിട്ടാതാകുകയാണ് ഇതിന്റെ ഫലം. പിറേറന്നു് അഞ്ചു കോടി ഡോളർ കിട്ടിയില്ലെങ്കിൽ തെക്കെ അമേരിക്കയിലെ പ്രമുഖ ബാങ്ക് ആയ ബാങ്കോഡി ബ്രസീൽ പൂട്ടുമെന്ന നില ഇക്കഴിഞ്ഞ ഡിസംബറിലൊരു ദിവസം വന്നുചേർന്നുവത്രേ. ഒടുവിൽ അമേരിക്കൻ ഐക്യനാടുകളിലെ ബാങ്കുകൾ ഈ പണം ഉണ്ടാക്കിക്കൊടുത്തു. കടക്കാരൻ പാപ്പരായിക്കൂടല്ലോ! ഇതു് ഒരു ബാങ്കിന്റെ, ഒരു ദിവസത്തെ, മാത്രം സ്ഥിതിയല്ല. തല്ക്കാലചെലവുകൾക്കു പണം കാണാൻ ദരിദ്രരാജ്യങ്ങളിലെ പല ബാങ്കുകൾക്കും ഇപ്പോൾ കഴിയുന്നില്ല. എന്തിനു ബാങ്കുകളുടെ കാര്യം പറയുന്നു? ഇന്ത്യയിലെ സ്റ്റേറ്റ്ഗവണ്മെന്റുകളുടെ സ്ഥിതി ഇതുതന്നെയല്ലേ?

മററു് ഏതെങ്കിലും രാജ്യത്തിന്റെ പണം അമേരിക്കയിൽ നിക്ഷേപിക്കണമെങ്കിൽ, ആ പണം ഡോളറാക്കി മാററണം. അമേരിക്കയിൽ പലിശനിരക്ക് ഉയർത്തിയപ്പോൾ ഡോളറിന്റെ ലോകഡിമാൻഡ് വർദ്ധിച്ചു. മററു നാണയങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഡോളറിന്റെ വില ലോകവിപണിയിൽ കതിച്ചുകയറിയതായിരുന്നു. ഇതിന്റെ അടിയന്തര ഫലം, ഡോളറിന്റെ വില കുറയുന്നതിനു മററു രാജ്യങ്ങളിലെ സർക്കാരുകൾക്കു സ്വന്തം നാണയങ്ങളുടെ വില താഴ്ത്തേണ്ടിവന്നു. പണക്കാരന്റെ പണത്തിനു് അയാൾ പണക്കാരനാണെന്നതുകൊണ്ടു മാത്രം, വില ഏറുന്നു; ദരിദ്രന്റെ പണത്തിനു് അയാൾ ദരിദ്രനാണെന്നതുകൊണ്ടു് വില ഇടിയുകയും ചെയ്യുന്നു. അന്താരാഷ്ട്രീയ സമ്പദ്‌വ്യവസ്ഥയിലെ ഒരു വിരോധാഭാസമാണത്രേ ഇതു്.

വ്യാവസായിക മാന്ദ്യത്തിൽനിന്നു രക്ഷപ്പെടുവാൻ സമ്പന്നരാഷ്ട്രങ്ങൾ കൈക്കൊണ്ട ഒരു നടപടി, മററു രാജ്യങ്ങളിൽനിന്നുള്ള ഇറക്കുമതി പരമാവധി കുറയ്ക്കുകയാണ്. ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിച്ചും, ഗുണനിയന്ത്രണത്തിന്റെ പേരിലും മററും, ദരിദ്ര രാജ്യങ്ങളിൽനിന്നുള്ള ഇറക്കുമതി സമ്പന്നരാജ്യങ്ങൾ കഴിയുന്നത്ര ഒഴിവാക്കുന്നു. നമ്മുടെ കച്ചവടം അമേരിക്കയോ, റഷ്യയോ വേണ്ട. കയററുമതിചെയ്യുന്നവയുടെയും കൈത്തറിയുല്പന്നങ്ങളുടെയും മററും സ്ഥിതിയും അതുതന്നെ. വാങ്ങുകയാണെങ്കിൽത്തന്നെ പ്രകൃതിവിഭവങ്ങൾ (കാർഷികോല്പന്നങ്ങളും ഖനിജങ്ങളും) ചുരുങ്ങിയ വിലയ്ക്കു് അതേപടി വാങ്ങുകയല്ലാതെ, സംസ്കൃതരൂപത്തിലോ, അർദ്ധസംസ്കൃതരൂപത്തിലോ അല്പം കൂടിയ വിലയ്ക്കു് അവ ദരിദ്ര രാജ്യങ്ങളിൽനിന്നു വാങ്ങാൻ സമ്പന്നരാജ്യങ്ങൾ സന്നദ്ധരല്ല. ഈ നില തുടരുക

യാണ്. അതു് അടുത്തുതന്നെ കൂടുതൽ രൂക്ഷമാവാനും സാദ്ധ്യതയുണ്ട്. ദരിദ്രരാഷ്ട്രങ്ങൾ കടം കയറി മുടിഞ്ഞാൽ നഷ്ടം ധനികരാഷ്ട്രങ്ങൾക്കുതന്നെയാണെന്നു് അവർ മനസ്സിലാക്കുന്നില്ല. ധനികരാഷ്ട്രങ്ങൾ വില്ക്കുന്ന സാധനത്തിൽ മുപ്പത്തെട്ടു ശതമാനവും കൂടിയ വില കൊടുത്തു വാങ്ങുന്നതു് ദരിദ്രരാഷ്ട്രങ്ങളാണ്. ദരിദ്രർ പൊളിഞ്ഞാൽ തങ്ങൾ നിർമിക്കുന്ന സാധനങ്ങൾ വില്ക്കാൻ കഴിയാതെ ധനികരും കഷ്ടപ്പെടും. ലോകം അവിഭാജ്യമാണ്. മനുഷ്യവർഗം ഒന്നാണ്. പ്രകടമായ ഈ വസ്തുത, പക്ഷേ, ധനികരാഷ്ട്രങ്ങൾക്കു് ഇനിയും വ്യക്തമായിക്കഴിഞ്ഞിട്ടില്ല.

അതുകൊണ്ടാണ്, അടഞ്ഞ വാതിലിൽ തുറക്കുംവരെ മുട്ടുക എന്ന പ്രവൃത്തി ദരിദ്രരാഷ്ട്രങ്ങൾ നിരന്തരം ആവർത്തിക്കേണ്ടിവരുന്നതു്.

(12 ജൂൺ, 1983).

# 30. അന്താരാഷ്ട്രീയ സമുദ്ര നിയമം

ഭൂമുഖത്തിൽ മുപ്പതു ശതമാനമേ കരയുള്ളു. എഴുപതു ശതമാനം സമുദ്രമാണ്.

മനുഷ്യൻ താമസിക്കുന്നതു കരയിലാണല്ലോ. അതിനാൽ മനുഷ്യനുണ്ടാക്കിയ നിയമങ്ങളും കരയിലേ ബാധകമായിരുന്നുള്ളു.

സമുദ്രം, പക്ഷേ, ഓർമയ്ക്കപ്പുറത്തുള്ള കാലം മുതൽക്കേ, മനുഷ്യഗതാഗതത്തിനു് ഉപയോഗപ്പെട്ടിരുന്നു. ആദ്യം പൊങ്ങുതടികളിൽ, പിന്നെ തുഴവഞ്ചികളിൽ, ക്രമേണ പായ്ക്കപ്പലുകളിൽ, അടുത്തകാലത്തു് ആവിക്കപ്പലുകളിൽ, തുടർന്നു് എണ്ണ കത്തിച്ചു കിട്ടുന്ന യന്ത്രശക്തികൊണ്ടു് ഓടുന്ന കപ്പലുകളിൽ, അവസാനം അണുശക്തിക്കപ്പലുകളിൽ—വാഹനം ഏതായാലും ലോകഗതാഗതത്തിനുള്ള തുറന്ന പാതയായിരുന്നു കടൽ, എന്നും.

മനുഷ്യനാവശ്യമുള്ള പലതും സമുദ്രത്തിനടിയിലുണ്ട്. ഉപ്പ് ഒരു ഉദാഹരണം. മത്സ്യങ്ങളും, മനുഷ്യനു തിന്നാൻ കൊള്ളാവുന്ന മറ്റു ജീവികളും സമുദ്രത്തിൽ എമ്പാടുമുണ്ട്. സമുദ്രത്തിൽനിന്നു കിട്ടുന്ന മുത്തു്, പവിഴം, ആംബർ മുതലായ അലങ്കാരവസ്തുക്കളിൽ എക്കാലവും മനുഷ്യനു വലിയ ഭ്രമമായിരുന്നു. ഈ വിഭവങ്ങളെ ആസ്പദമാക്കി, 'രത്നാകരം' എന്ന പേർ പഴയ കാലത്തുതന്നെ ഭാരതീയർ സമുദ്രത്തിനു നല്കി.

കടലിൽനിന്നു് വിഭവങ്ങൾ ശേഖരിക്കുമ്പോഴും, കടലിലൂടെ സഞ്ചരിക്കുമ്പോഴും, വ്യത്യസ്ത ജനവിഭാഗങ്ങൾ തമ്മിൽ ഏറ്റുമുട്ടലുകൾ ഉണ്ടാവാൻ സാദ്ധ്യതയുണ്ടല്ലോ. ഇവ ഒഴിവാക്കാനായി സമുദ്രത്തിൽ ബാധകമായ നിയമങ്ങൾ ചില രാജ്യക്കാർ ഉണ്ടാക്കാൻ തുടങ്ങി. കൈയൂക്കു നിമിത്തം കാര്യക്കാരനായി കണക്കാക്കപ്പെട്ടിരുന്നവരാണ് ആദ്യമൊക്കെ ഇത്തരം നിയമങ്ങളുണ്ടാക്കിയതു്. ദുർബലർ അവ അനുസരിച്ചുവന്നു. പിന്നീടു്, രാജ്യങ്ങൾ തമ്മിലുള്ള പരസ്പരസന്ധി ഈ നിയമങ്ങൾക്കു് ആധാരമായി.

സമുദ്രത്തിൽനിന്നു് എണ്ണ കുഴിച്ചെടുത്തുതുടങ്ങിയിട്ടു് ഏതാനും വർഷങ്ങളേ ആയുള്ളു. വിസ്തൃതങ്ങളായ എണ്ണപ്പാടങ്ങൾ സമുദ്രത്തിൽ ഇതിനകം കണ്ടെത്തിയിട്ടുണ്ട്. ആഴക്കടലിൽ, ആർക്കും അധികാരമില്ലാത്ത ഒരു സ്ഥലത്തു്, രണ്ടു രാജ്യക്കാർ എണ്ണ കുഴിച്ചെടുക്കാൻ മത്സരിച്ചാൽ, ഫലം എന്തായിരിക്കും? സംഘട്ടനംതന്നെ.